LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

164 (8000) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമല്ലാതെ പ്രവർത്തിക്കുന്ന പൊതുമേഖലസ്ഥാപനങ്ങളോടും കമ്പനി മേധാവികളോടും ഈ സർക്കാർ സ്വീകരിക്കുന്ന നയം വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും അവലോകനത്തിനുമുള്ള സമിതിയായ റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം പാലിക്കാറുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിനായി പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ കമ്പനി മേധാവികൾക്ക് നൽകുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ ധനസഹായവും പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണവും അവലോകനവും നടത്തിവരികയും ചെയ്യുന്നു.

(ബി) ഉണ്ട്. റിയാബിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിദഗ്ധരായവരെ ഉൾപ്പെടുത്തി, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി റിയാബിന്റെ ഗവേർണ്ണിംഗ് ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ ആവശ്യകതയും പ്രായോഗ്യക്ഷമതയും കമ്പനികൾക്കുണ്ടാകുന്ന ഗുണങ്ങളും റിയാബ് മുഖേന വിശദമായി പരിശോധിച്ച് സാദ്ധ്യമായവ വർക്കിംഗ് ഗ്രൂപ്പ് വഴി അംഗീകരിച്ചാണ് ആവശ്യമായ ധനസഹായം നൽകുന്നത്.